# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ :*137      10-02-2020-ൽ മറുപടിയ്ക്ക്

## കാർഷികോല്പന്ന വിപണന പദ്ധതികൾ

**ചോദ്യം**
ശ്രീ.മുരളി പെരുനെല്ലി
,, പി.വി. അൻവർ
,, സി.കെ. ഹരീന്ദ്രൻ

**മറുപടി**
ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | നൂതനവും ഉത്തമവുമായ കൃഷിരീതികൾ സംബന്ധിച്ച് കർഷകർക്ക് ആവശ്യമായ നിർദ്ദേശങ്ങളും അവബോധവും നൽകുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | നൂതനവും ഉത്തമവുമായ കൃഷി രീതികൾ സംബന്ധിച്ച് കർഷകർക്ക് ആവശ്യമായ നിർദ്ദേശങ്ങളും അവബോധവും നൽകുന്നതിന് സംസ്ഥാന വാർഷിക പദ്ധതികളായ കർഷക നൈപുണ്യ അവാർഡ്, ലീഡ്സ്, കർഷക സഭയും ഞാറ്റുവേല ചന്തയും തുടങ്ങിയ പദ്ധതികൾ വഴി സാധ്യമാകുന്നു. കാർഷിക ഗവേഷണഫലങ്ങൾ സാധാരണ കർഷരിലെത്തിക്കാൻ വിജ്ഞാനവ്യാപന പദ്ധതിയിൽ ഉൾപ്പെടുത്തി വിവിധ സെമിനാറുകൾ, പരിശീലനങ്ങൾ, റിസർച്ച് എക്സ്റ്റൻഷൻ ഇന്റർഫെയ്സ് തുടങ്ങിയവ നടത്തിവരുന്നു. കൂടാതെ കേന്ദ്രാവിഷ്കൃത പദ്ധതിയായ ആത്മ പദ്ധതി വഴിയും കർഷകർക്ക് പരിശീലനങ്ങൾ സംഘടിപ്പിച്ച് വരുന്നു. മാനവ വിഭവ ശേഷി വികസനം എന്ന പദ്ധതി പ്രകാരം കൃഷി വകുപ്പിന്റെ കീഴിലുള്ള അഞ്ച് മേഖല പരിശീലനകേന്ദ്രങ്ങൾ, രണ്ട് കർഷക പരിശീലന കേന്ദ്രങ്ങൾ, വെള്ളായണിയിൽ പ്രവർത്തിക്കുന്ന ആർ.റ്റി.റ്റി.സി എന്നിവ വഴി കർഷകർക്ക് നൂതനവും ഉത്തമവുമായ കൃഷി രീതികൾ, യന്ത്രവൽക്കരണം തുടങ്ങിയവ സംബന്ധിച്ച പരിശീലനങ്ങൾ നൽകി വരുന്നു. |
| (ബി) | കാർഷികോല്പന്നങ്ങളുടെ വിപണനവുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളും ഏകോപിപ്പിക്കുന്നതിന് നടപ്പിലാക്കി വരുന്ന കർഷകമിത്ര പദ്ധതിയുടെ വിശദാംശം നൽകാമോ; | (ബി) | കാർഷിക വിപണന ശൃംഖല ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി കർഷകർ ഉല്പാദിപ്പിക്കുന്ന പഴം, പച്ചക്കറികൾ പൂർണ്ണമായി വിപണനം ചെയ്യുന്നതിനായി സംസ്ഥാനത്ത് ആദ്യമായി തൃശ്ശൂർ ജില്ലയിൽ നടപ്പിലാക്കിയ പദ്ധതിയാണ് കർഷകമിത്ര. 2017-18 സാമ്പത്തിക വർഷം ആരംഭിച്ച |

| | | | |
|---|---|---|---|
| | | | കർഷകമിത്ര പദ്ധതി (കർഷക മിത്രകളുടെ നിയോഗം, പരിശീലനം & പോർട്ടൽ അധിഷ്ഠിത സേവനം)-യിലൂടെ കർഷകനും ഉപഭോക്താവിനും ന്യായവില ലഭ്യമാക്കുന്ന രീതിയിൽ മധ്യവർത്തികളെ ഒഴിവാക്കി കാർഷിക വിപണനം ശക്തിപ്പെടുത്തുന്നു. തൃശ്ശൂർ ജില്ലയിലെ 105 കൃഷി ഭവനുകളിലും ഒരോ കർഷക മിത്രത്തെ വീതം നിയോഗിക്കുകയും അതാത് പ്രദേശത്തെ കർഷകരുമായി ബന്ധപ്പെട്ട് ഗാർഹികാടിസ്ഥാനത്തിൽ ഉത്പാദിപ്പിക്കുന്ന നാടൻ ജൈവ പച്ചക്കറികൾ, പഴങ്ങൾ എന്നിവ കർഷകരിൽ നിന്നും നേരിട്ട് 50% തുക അപ്പോൾത്തന്നെ പണമായി നൽകി സംഭരിക്കുകയും ടി ഉല്പന്നങ്ങൾ ആവശ്യക്കാർക്ക് നേരിട്ട് വീടുകളിലൂടെയും വിപണികളിലൂടെയും വിപണനം നടത്തി വരുന്നു. വിൽപനയ്ക്ക് ശേഷം ബാക്കി തുക കർഷകന് തൊട്ടടുത്ത ദിവസം തന്നെ നൽകുന്നു. പഞ്ചായത്ത് തലത്തിൽ ഉൽപന്നങ്ങളുടെ സംഭരണ വിലയും വിൽപ്പന വിലയും വി.എഫ്.പി.സി.കെ പ്രതിദിനം തയ്യാറാക്കുന്ന ഉൽപന്നങ്ങളുടെ സംഭരണവില/വിൽപ്പന വില അടിസ്ഥാനമാക്കിയാണ് നിശ്ചയിക്കുന്നത്. കൂടാതെ കർഷകരുടെ കൃഷിയിടങ്ങളിലെ വിവിധ തരത്തിലുള്ള രോഗകീടബാധകളെ സംബന്ധിച്ചുള്ള റിപ്പോർട്ടിനായും കർഷക മിത്രകളുടെ സേവനം പ്രയോജനപ്പെടുത്തി വരുന്നു. ഈ സംവിധാനത്തിലൂടെ സാങ്കേതിക ഉദ്യോഗസ്ഥരുടെ സേവനം അടിയന്തിരമായി നൽകുവാൻ സാധിച്ച് വരുന്നുണ്ട്. |
| (സി) | കാർഷികോല്പന്നങ്ങൾ നേരിട്ട് ഉപഭോക്താക്കളിലേക്ക് എത്തിക്കാൻ കർഷകർക്ക് അവസരം നൽകുക വഴി ഇടനിലക്കാരുടെ ചൂഷണത്തിൽ നിന്നും കർഷകരെ രക്ഷിക്കുന്നതിന് ആഴ്ച്ചചന്തകൾ സ്ഥാപിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | ഉണ്ട്. സംസ്ഥാനത്ത് ഒട്ടാകെ 400 ആഴ്ച്ചചന്തകൾക്ക് അനുമതി നൽകിയിട്ടുണ്ട്. ഉല്പാദന കേന്ദ്രങ്ങൾക്ക് സമീപമായി ആഴ്ച്ചചന്തകൾ സ്ഥാപിക്കുന്നതിലൂടെ ഉൽപന്നങ്ങൾ ഏറ്റവും പുതുമയോടെ ഉപഭോക്താക്കൾക്ക് നൽകുവാൻ സാധിച്ച് വരുന്നുണ്ട്. ആഴ്ച്ചചന്തകൾ ഉല്പാദന കേന്ദ്രങ്ങൾക്ക് സമീപം ആയതിനാൽ ഉല്പന്നങ്ങൾ ദൂരവിപണികളിൽ എത്തിക്കുന്നതിന് വേണ്ടിയുള്ള കൈകാര്യ ചെലവും, കടത്ത് കൂലിയിനത്തിൽ ഉണ്ടാകുന്ന ചെലവും ഒഴിവാക്കുവാൻ സാധിക്കുന്നതിലൂടെ കർഷകന് ചെറിയൊരു ലാഭം ഉണ്ടാക്കുവാനും സാധിക്കുന്നുണ്ട്. |

| | | | |
|---|---|---|---|
| | | | തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ കീഴിലുള്ള കുടുംബശ്രീ സംവിധാനവുമായി സഹകരിച്ച് കൃഷി വകുപ്പ് ആഴ്ച വിപണികൾ പ്രവർത്തിപ്പിച്ച് വരുന്നു. ഓരോ വിപണി സ്ഥാപിക്കുന്നതിനും ഒരു ലക്ഷം രൂപ (അടിസ്ഥാന സൗകര്യങ്ങൾക്കായി 75,000/- രൂപ, റിവോൾവിംഗ് ഫണ്ടായി 25,000/- രൂപ) സഹായധനം ആയി നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**